## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 4458

26.06.2014 ൽ
മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ഇ-മണൽ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ ഇ-മണൽ സംവിധാനത്തിലെ അപാകത അന്വേഷിക്കാൻ വിജിലൻസ് അന്വേഷണം നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വിജിലൻസ് അന്വേഷണം നടത്തണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതായി ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. |
| (ബി) 2014 ജനവരി ഒന്നു മുതൽ മെയ് 31 വരെ എത്ര പേരാണ് ഇ — മണൽ രജിസ്റ്റർ ചെയ്തതെന്നും, അവരിൽ എത്ര പേർക്കാണ് ഇ-മണൽ അനുവദിച്ചതെന്നും വ്യക്തമാക്കാമോ ; | (ബി) ആകെ 2328 പേർ രജിസ്റ്റർ ചെയ്തു. അതിൽ 1181 പേർക്ക് മണൽ വിതരണം ചെയ്തു. |
| (സി) ഇ-മണൽ ഓൺലൈൻ ബുക്ക ചെയ്യാനുള്ള സമയ ക്രമീകരണം വിശദമാക്കാമോ ; രാത്രി 11 മണിക്ക് ശേഷം ചില കേന്ദ്രങ്ങളിൽ മാത്രമായി ബുക്കിങ്ങുകൾ നടനുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) ഓൺലൈൻ ബുക്ക് ചെയ്യാൻ gspeak.gov.in എന്ന വെബ്സൈറ്റ് എല്ലാ ദിവസവും രാവിലെ 10 മണിയ്ക്ക് മണലിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തുറന്നുകൊടുത്തു വരുന്നു. ഇത് അക്ഷയ കേന്ദ്രം വഴിയും, ഇന്റർനെറ്റ് സൌകര്യമുള്ള കമ്പ്യൂട്ടർ മുഖേന വീടുകളിൽ നേരിട്ടും ബുക്ക ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ